# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 832 9.8.2017-ൽ മറുപടിയ്ക്ക്

**മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ആർ. രാമചന്ദ്രൻ** | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | എ) മുട്ടയുടെയും മാംസത്തിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന് കീഴിലുള്ള കോഴി ഫാമുകളിലെ ഉല്പാദന ക്ഷമത പൂർണ്ണമായി വിനിയോഗിച്ച് -- കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും, കർഷകർക്കും വിതരണം ചെയ്യുന്നു. സംസ്ഥാനത്ത് മൊത്തം 905 സർക്കാർ/എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ/ഹൈസ്കൂൾ ക്ളാസ്സുകളിലെ 50 വീതം വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ മുൻസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾ എന്നിവയിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ |

നടപ്പ വർഷം നടപ്പിലാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

വകുപ്പിനു കീഴിൽ രണ്ടു പുതിയ ഹാച്ചറികൾ -- കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കും, മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കുവാൻ 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ, തുടങ്ങി. ഇതു കൂടാതെ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മുട്ടയുടേയും മാംസത്തിന്റേയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇന്റഗ്രേഷൻ പദ്ധതി
2. കോഴിവളർത്തൽ പദ്ധതി(കുടുംബശ്രീ യൂണിറ്റുകൾ വഴി)
3. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി(2014-15)
4. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി(2016-17)
5. കെപ്കോ ആശ്രയ പദ്ധതി
6. റൂറൽ ബാക്ക് യാർഡ് പദ്ധതി
7. കെപ്കോ നഗരപ്രിയ പദ്ധതി
8. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
9. കോൾ നിലങ്ങളിലെ കോഴിവളർത്തൽ പദ്ധതി
10. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി
11. ഇന്റഗ്രേഷൻ പദ്ധതി

| | | | |
|---|---|---|---|
| ബി) | കേന്ദ്രം നടപ്പിലാക്കുന്ന കശാപ്പ് നിയന്ത്രണം പോലെയുള്ള നയങ്ങൾ കേരളത്തിലെ ക്ഷീരകർഷകരെ ബാധിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | ബി) | ഉണ്ട്. കാലിവളർത്തൽ നടത്തി ഉപജീവനം കഴിക്കുന്ന കർഷകർക്ക് അവരുടെ ഉല്പാദന പ്രത്യുത്പാദന ക്ഷമത കുറഞ്ഞതും പ്രായാധിക്യം ഉള്ളതുമായ കന്നുകാലികളെ കശാപ്പിനായി വിൽക്കുവാൻ സാധിക്കാതെ വരുകയും അതുമൂലം ഭീമമായ സാമ്പത്തിക നഷ്ടം വരുകയും ചെയ്യും. തന്മൂലം ടി മേഖലയിൽ നിന്നും കർഷകർ പിൻവാങ്ങുവാൻ വളരെയേറെ സാദ്ധ്യത ഉണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത നിയമം പിൻവലിക്കുകയോ അല്ലെങ്കിൽ ആവശ്യമായ ഭേദഗതി ചെയ്യുകയോ വേണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. |
| സി) | പുതിയതലമുറ കാലിവളർത്തലിൽ ശ്രദ്ധിക്കുന്നതിനു വേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ? | സി) | പുതിയ തലമുറയെ മൃഗസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി വകുപ്പിനു കീഴിലുള്ളവിവിധ പരിശീലന കേന്ദ്രങ്ങൾ വഴി സംരംഭക പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ജില്ലാ തലത്തിൽ 2 എണ്ണം വീതം 28 പരിശീലന പരിപാടികൾ നടപ്പ വർഷം വിഭാവനം ചെയ്യുന്നു. കൂടാതെ മൃഗസംരക്ഷണ മേഖലയിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് തുടർച്ചയായ പരിശീലന പരിപാടികളും ഈ പരിശീലന കേന്ദ്രങ്ങൾ വഴി നൽകി വരുന്നു.<br>ആദ്യ പ്രസവം നേരത്തെയാക്കുക, പോഷഹാകാര ലഭ്യത ഉറപ്പുവരുത്തുക, തീറ്റ ചെലവ് കുറയ്ക്കുക, ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തി ഉല്പാദന ക്ഷമത പരിപാലിച്ച് പാൽ ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് 4-6 മാസം പ്രായമുള്ള 35070 പശുക്കുട്ടികളെ തിരഞ്ഞെടുത്ത് കന്നുക്കുട്ടി പരിപാലന |

പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. ഫാം പ്രവർത്തനം സുഗമവും ആകർഷകവും ആക്കുന്നതിനും, കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനും ക്ഷീര കർഷകർക്ക് 25000 രൂപ ധനസഹായം നൽകി കറവ യന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടത്തി വരുന്നു. കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ 2016-17 ,ഗോസമൃദ്ധി 2017-18 എന്നീ ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ